**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1852** **12.06.19 ൽ മറുപടിയ്ക്ക്**

**വാഹൻ സാരഥി സോഫ്റ്റ് വെയർ**

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര ഉപരിതലഗതാഗത വകുപ്പ് നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്ത് മോട്ടോർ വാഹന ലൈസൻസ് നൽകുന്നതിന് വാഹൻ സാരഥി സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ; | (എ) | പുതിയ ഡ്രൈവിംഗ് ലൈസൻസിനുള്ള എല്ലാ അപേക്ഷകളും വാഹൻ സാരഥി വഴിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ്, പുതിയ ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ തുടങ്ങിയവയും ഇപ്പോൾ ഈ സംവിധാനം വഴിയാണ് സംസ്ഥാനത്തെ എല്ലാ ഓഫീസിലും നടപ്പാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കാർഡ് രൂപത്തിലുള്ള ലൈസൻസ് നൽകുന്നതിന് ഏതെങ്കിലും ഏജൻസികളെ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം ലൈസൻസ് ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | പൈലറ്റ് ഇംപ്ലിമെന്റേഷൻ ഓഫീസുകളായ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻ.എസ്.), ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കരുനാഗപ്പള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ ഏതാനും മാസങ്ങളിൽ ഊരാലുങ്കൽ സൊസൈറ്റി വഴി പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകുകയുണ്ടായി. എന്നാൽ ഹൈക്കോടതിയിൽ കേസുകൾ തീർപ്പുകൽപ്പിക്കുവാൻ ഉള്ളതിനാൽ ഈ സംവിധാനം തുടർന്നുപോകുവാനോ മറ്റു ഓഫീസുകളിൽ നടപ്പിൽ വരുത്തുവാനോ കഴിഞ്ഞിട്ടില്ല. ആയതുമൂലം കാലതാമസം ഉണ്ടായിരുന്നു.<br>ഈ സാഹചര്യത്തിൽ അപേക്ഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേസുകൾ തീർപ്പ കൽപ്പിക്കുന്നതുവരെ, ലാമിനേറ്റഡ് കാർഡ് രൂപത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുവാൻ |
| (സി) | പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | | |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സാരഥി സോഫ്റ്റ്‌വെയറിന് അനുസൃതമായി പുതിയ അളവിലും ഡിസൈനിലുമുള്ള ഡ്രൈവിംഗ് ലൈസൻസ് രൂപകല്പന ചെയ്ത് വകുപ്പിന്റെ സർവ്വീസ് പ്രൊവൈഡർ ആയ സി-ഡിറ്റ് മുഖാന്തിരം സ്റ്റേഷനറി കരസ്ഥമാക്കി ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഇപ്പോൾ കാലതാമസം പരമാവധി ഒഴിവാക്കി ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ